പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 118

# 2022-ലെ കേരള മനുഷ്യക്കടത്ത് പ്രവർത്തനങ്ങൾ (തടയൽ ) ബിൽ

(ശ്രീ. അനൂപ് ജേക്കബ്, എം. എൽ. എ. നോട്ടീസ് നൽകിയത് )

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2022

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 118

# 2022-ലെ കേരള മനുഷ്യക്കടത്ത് പ്രവർത്തനങ്ങൾ (തടയൽ ) ബിൽ

(ശ്രീ. അനൂപ് ജേക്കബ്, എം. എൽ. എ. നോട്ടീസ് നൽകിയത് )

754/2022.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 118

# 2022-ലെ കേരള മനുഷ്യക്കടത്ത് പ്രവർത്തനങ്ങൾ (തടയൽ) ബിൽ

(ശ്രീ. അനൂപ് ജേക്കബ് എം. എൽ. എ. നോട്ടീസ് നൽകിയത് )

കേരള സംസ്ഥാനത്ത് വിവിധതരത്തിലുള്ള മനുഷ്യക്കടത്ത്
പ്രവർത്തനങ്ങൾ ഫലപ്രദമായി തടയുന്നതിനും
നിയന്ത്രിക്കുന്നതിനും പ്രത്യേക വ്യവസ്ഥ
ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—കേരള സംസ്ഥാനത്ത് വിവിധ തരത്തിലുള്ള മനുഷ്യക്കടത്ത് പ്രവർത്തനങ്ങൾ ഫലപ്രദമായി തടയുന്നതിനും നിയന്ത്രിക്കുന്നതിനും പ്രത്യേകം വ്യവസ്ഥ ചെയ്യേണ്ടത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിമൂന്നാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.—(1) ഈ ആക്റ്റിന് "2022-ലെ കേരള മനുഷ്യക്കടത്ത് പ്രവർത്തനങ്ങൾ (തടയൽ) ആക്റ്റ് " എന്ന് പേര് പറയാം.

(2) ഇത് ഗസറ്റിൽ വിജ്ഞാപനം ചെയ്ത തീയതി മുതൽ പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ സന്ദർഭം മറ്റ് വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "മനുഷ്യക്കടത്ത്" എന്നാൽ ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 23(1) പ്രകാരമുള്ള മനുഷ്യക്കടത്തും; വ്യാജ റിക്രൂട്ടിംഗ് ഏജൻസികളും വ്യക്തികളും വ്യാജരേഖകകളുടെയും സർട്ടിഫിക്കറ്റുകളുടെയും അടിസ്ഥാനത്തിൽ വിമാനത്താവളങ്ങൾ വഴിയോ; സമുദ്രയാനങ്ങൾ വഴിയോ വ്യക്തികളെ വിദേശരാജ്യങ്ങളിലേക്ക് കൊണ്ടു പോകുന്ന പ്രവർത്തനങ്ങൾ എന്നർത്ഥമാകുന്നു.

(ബി) "വ്യാജ റിക്രൂട്ടിംഗ് ഏജൻസി" എന്നാൽ കേന്ദ്ര ആക്റ്റിലെയും അതിനുകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയും ഉത്തരവുകളിലെയും അല്ലെങ്കിൽ തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലെയും ഏതെങ്കിലും വ്യവസ്ഥകൾക്ക് വിരുദ്ധമായി വിദേശ രാജ്യങ്ങളിലേക്ക് വ്യക്തികളെ റിക്രൂട്ട് ചെയ്യുന്ന ഏജൻസി/വ്യക്തി എന്നർത്ഥമാകുന്നു;

(സി) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(ഡി) "വിജ്ഞാപനം" എന്നാൽ കേരള സർക്കാർ ഗസറ്റിലൂടെ പുറപ്പെടുവിക്കുന്ന വിജ്ഞാപനം എന്നർത്ഥമാകുന്നു;

(ഇ) "അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ"എന്നാൽ 3-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം സർക്കാർ അധികാരപ്പെടുത്തിയ ഏതെങ്കിലും ഉദ്യോഗസ്ഥൻ എന്നർത്ഥമാകുന്നു;

(എഫ്) "തീരദേശജാഗ്രതാസമിതികൾ" എന്നാൽ 8-ാം വകുപ്പ് 1-ാം ഉപവകുപ്പ്(ഡി) പ്രകാരം രൂപീകരിച്ച സമിതികൾ എന്നർത്ഥമാകുന്നു.

3. വ്യാജ റിക്രൂട്ടിംഗ് ഏജൻസികളെയും മനുഷ്യക്കടത്തിൽ ഏർപ്പെടുന്ന വ്യക്തികളെയും തടങ്കിൽ വയ്ക്കുന്നതിന് ഉത്തരവ് പുറപ്പെടുവിക്കുവാനുള്ള അധികാരം.—(1) സർക്കാരിനോ അല്ലെങ്കിൽ (2)-ാം ഉപവകുപ്പിൻ കീഴിൽ അധികാരപ്പെടുത്തിയ ഒരു ഉദ്യോഗസ്ഥനോ വ്യാജ റിക്രൂട്ടിംഗ് ഏജൻസിയെ സംബന്ധിച്ചോ അല്ലെങ്കിൽ അതിൽ ഉൾപ്പെട്ട വ്യക്തികളുടെയോ പ്രവർത്തനങ്ങൾ സംബന്ധിച്ച് ജില്ലാ പോലീസ് മേധാവിയുടെ റാങ്കിൽ കുറയാത്ത ഒരു പോലീസ് ഓഫീസറിൽ നിന്നും ലഭിക്കുന്ന വിവരം ബോധ്യപ്പെടുന്ന പക്ഷം, അയാളെ കേരള സംസ്ഥാനത്തിനകത്ത് ഏതെങ്കിലും രീതിയിലുള്ള മനുഷ്യക്കടത്ത് പ്രവർത്തനങ്ങൾ ചെയ്യുന്നതിൽ നിന്നും തടയുന്നതിന് അപ്രകാരം ചെയ്യേണ്ടത് ആവശ്യമാണെന്നുകണ്ടാൽ, അങ്ങനെയുള്ള വ്യക്തികളെ തടങ്കലിൽ വയ്ക്കാൻ നിർദ്ദേശിച്ചുകൊണ്ടുള്ള ഒരു ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്.

(2) ഏതെങ്കിലും പ്രദേശത്ത് നിലവിലുള്ളതോ ഉണ്ടാകാൻ ഇടയുള്ളതോ ആയ സാഹചര്യങ്ങൾ കണക്കിലെടുക്കുമ്പോൾ അപ്രകാരം ചെയ്യേണ്ടത് ആവശ്യമാണെന്ന് സർക്കാരിന് ബോദ്ധ്യപ്പെടുന്ന പക്ഷം രേഖാമൂലമുള്ള ഉത്തരവിനാൽ പ്രസ്തുത ഉത്തരവിൽ വിനിർദ്ദേശിക്കാവുന്ന കാലയളവിലേക്ക് ആധികാരികതയുള്ള ജില്ലാ മജിസ്ട്രേറ്റിനോട് അദ്ദേഹത്തിന്റെ അധികാരപരിധിക്കുള്ളിൽ താമസിക്കുന്നതോ, അല്ലാത്തതോ ആയ വ്യക്തികളെ സംബന്ധിച്ച് അങ്ങനെയുള്ള അധികാരപരിധിക്കുള്ളിൽ അത്തരം വ്യക്തികൾ ഏർപ്പെടുന്നതോ ഏർപ്പെടാൻ ഇടയുള്ളതോ പ്രേരിപ്പിക്കുന്നതോ ആയ ഏതെങ്കിലും മനുഷ്യക്കടത്ത് പ്രവർത്തനത്തെ സംബന്ധിച്ച് (1)-ാം ഉപവകുപ്പിനു കീഴിൽ അധികാരം വിനിയോഗിക്കുന്നതിന് നിർദ്ദേശിക്കാവുന്നതാണ്.

4. തടങ്കൽ ഉത്തരവുകൾ നടപ്പാക്കൽ.—1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയിൽ (1974-ലെ 2-ാം കേന്ദ്ര ആക്റ്റ്) അറസ്റ്റ് വാറന്റുകൾ നടപ്പിലാക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുള്ള രീതിയിൽ കേരള സംസ്ഥാനത്തെ ഏതൊരു സ്ഥലത്തും ഒരു തടങ്കൽ ഉത്തരവ് നടപ്പിലാക്കാവുന്നതാണ്.

5. ഒളിവിൽപ്പോകുന്ന ആളുകളെ സംബന്ധിച്ച അധികാരങ്ങൾ.—(1) ഏത് ആളിനെ സംബന്ധിച്ചാണോ ഒരു തടങ്കൽ ഉത്തരവ് ഉണ്ടായിട്ടുള്ളത് ആ ആൾ ഉത്തരവ് നടപ്പിലാക്കാൻ കഴിയാത്തവിധം ഒളിവിൽ പോയിട്ടുണ്ടെന്നോ, സ്വയം മറഞ്ഞിരിക്കുന്നുവെന്നോ സർക്കാരിനോ 3-ാം വകുപ്പ് (2)-ാം ഉപവകുപ്പുപ്രകാരം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ വിശ്വസിക്കാൻ കാരണമുണ്ടെങ്കിൽ സർക്കാരിനോ അല്ലെങ്കിൽ അങ്ങനെയുള്ള ഓഫീസർക്കോ,—

(എ) മേൽപ്പറഞ്ഞ ആൾ സാധാരണയായി താമസിക്കുന്ന സ്ഥലത്ത് ആധികാരികതയുള്ള ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റിനോ, ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റിനോ അത് സംബന്ധിച്ച ലിഖിതമായ റിപ്പോർട്ട് നൽകാവുന്നതും;

(ബി) ഗസറ്റിൽ വിജ്ഞാപനം ചെയ്ത ഉത്തരവു വഴി ആ ഉത്തരവിൽ വിനിർദ്ദേശിക്കാവുന്ന ഉദ്യോഗസ്ഥൻ മുമ്പാകെയും അങ്ങനെയുള്ള സ്ഥലത്തും അങ്ങനെയുള്ള കാലാവധിക്കുള്ളിലും ഹാജരാകുവാൻ പ്രസ്തുത ആളിനോട് നിർദ്ദേശിക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് (എ) ഖണ്ഡത്തിനുകീഴിൽ ഏതെങ്കിലും ആളിനെതിരെ റിപ്പോർട്ട് നൽകപ്പെടുമ്പോൾ അയാൾക്കെതിരെയുള്ള തടങ്കൽ ഉത്തരവ് മജിസ്ട്രേറ്റിനാൽ പുറപ്പെടുവിച്ച ഒരു വാറന്റിനു സമാനമായി പരിഗണിച്ച് 1973-ലെ ക്രിമിനൽ നിയമനടപടി സംഹിതയിലെ 82, 83, 84, 85, 86 വകുപ്പുകളിലെ വ്യവസ്ഥകൾ അയാൾക്കും അയാളുടെ സ്വത്തിനും എതിരെ ബാധകമായിരിക്കും.

6. തടങ്കലിൽ വയ്ക്കുന്നതിനുള്ള പരമാവധി കാലയളവ്.—ഈ ആക്റ്റ് പ്രകാരം നൽകിയിട്ടുള്ളതും (4-ാം വകുപ്പ് പ്രകാരം) സ്ഥിരപ്പെടുത്തിയി ട്ടുള്ളതുമായ ഏതെങ്കിലും തടങ്കൽ ഉത്തരവ് അനുസരിച്ച് ഏതെങ്കിലും ഒരാളെ തടങ്കലിൽ വയ്ക്കുന്ന പരമാവധി കാലയളവ് അങ്ങനെയുള്ള തടങ്കൽ തീയതി മുതൽ ആറ് മാസത്തിൽ കവിയാൻ പാടുള്ളതല്ല.

7. കുറ്റങ്ങൾ കൊഗ്നൈസിബിളും ജാമ്യം ലഭിക്കാത്തവയും ആയിരിക്കുമെന്ന്.— 1973-ലെ ക്രിമിനൽ നിയമസംഹിതയിൽ (1974-ലെ 2-ാം കേന്ദ്ര ആക്റ്റ്) എന്തു തന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റ് പ്രകാരം ശിക്ഷിക്കപ്പെടാവുന്ന എല്ലാ കുറ്റങ്ങളും ഈ ആക്റ്റിൻ കീഴിൽ നൽകിയിട്ടുള്ള ഉത്തരവുകളുടെ മനഃപൂർവ്വമായ ലംഘനങ്ങളും കൊഗ്നൈസിബിളും ജാമ്യം ലഭിക്കാത്തവയുമായിരിക്കുന്നതാണ്.

8. മനുഷ്യക്കടത്ത് തടയാൻ തീരപ്രദേശങ്ങളിൽ സ്വീകരിക്കേണ്ട നടപടികൾ.—(1) സമുദ്രയാനങ്ങൾ വഴിയുള്ള മനുഷ്യക്കടത്ത് ഫലപ്രദമായി തടയുന്നതിന് ഇനിപ്പറയുന്ന മാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടതാണ്,—

(എ) തീരപ്രദേശങ്ങളിൽ നിശ്ചിത ഇടവേളകളിൽ പോലീസ്, തീരസേന, നാവികസേന, മറൈൻ എൻഫോഴ്സ്മെന്റ് എന്നിവയുടെ സംയുക്ത പരിശോധന നടത്തേണ്ടതാണ്;

(ബി) സംസ്ഥാനത്തെ ഒറ്റപ്പെട്ട തീരങ്ങൾ അടയാളപ്പെടുത്തി നിരീക്ഷണ സംവിധാനം ശക്തിപ്പെടുത്തുക;

(സി) തീരദേശപോലീസ് സ്റ്റേഷനുകളിൽ ഈ ആവശ്യത്തിലേക്കായി കൂടുതൽ ഉദ്യോഗസ്ഥരെ നിയോഗിക്കുക;

(ഡി) പ്രദേശവാസികളെ ഉൾപ്പെടുത്തിക്കൊണ്ട് തീരദേശ ജാഗ്രതാ സമിതികൾ രൂപീകരിക്കുകയും പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്യുക;

(ഇ) തീരദേശപ്രദേശത്തെ റിസോർട്ടുകൾ, ഹോംസ്റ്റേകൾ എന്നിവിടങ്ങളിൽ താമസിക്കുന്നവരുടെ വിവരങ്ങൾ അടങ്ങിയ രജിസ്റ്ററുകൾ സൂക്ഷിക്കാൻ നിർദ്ദേശം നൽകുകയും വ്യക്തമായ തിരിച്ചറിയൽ രേഖകളുടെ പകർപ്പ് നൽകാതെ താമസം അനുവദിക്കാൻ പാടില്ലാത്തതുമാകുന്നു;

(എഫ്) സമുദ്രയാനങ്ങൾ തുറമുഖത്ത് എത്തുമ്പോഴും പോകുമ്പോഴുമുള്ള അവസരത്തിൽ പരിശോധനകൾക്കായി ഉദ്യോഗസ്ഥരുടെ സാന്നിധ്യം ഉറപ്പുവരുത്തേണ്ടതും;

(ജി) സ്റ്റീമർ ഏജന്റ് ലൈസൻസുള്ള കപ്പലുകൾ മാത്രം തീരത്ത് അടുപ്പിക്കുന്ന തരത്തിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുക.

(എച്ച്) തീരദേശ പോലീസ് സ്റ്റേഷനുകളുടെ നേതൃത്വത്തിൽ പട്രോളിംഗ് നടപടികൾ ശക്തിപ്പെടുത്തുക.

9. <u>വിദേശതൊഴിലിനുള്ള മാനദണ്ഡങ്ങളിൽ കാതലായ മാറ്റം വരുത്തുക</u>.—(എ) മനുഷ്യക്കടത്ത് മാഫിയകൾ സാമൂഹ്യമാധ്യമങ്ങളിലൂടെ നൽകുന്ന പരസ്യങ്ങൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തുക;

(ബി) ഇത്തരത്തിലുള്ള പരസ്യങ്ങൾ നോർക്ക റൂട്ട്സിന്റെ അനുമതിയോടെ മാത്രം നടത്താൻ നടപടികൾ സ്വീകരിക്കുക;

(സി) വിദേശ റിക്രൂട്ട്മെന്റിനുള്ള അവകാശം നോർക്ക റൂട്ട്സിനും തിരഞ്ഞെടുക്കപ്പെട്ട ഏതാനും ഏജൻസികൾക്കുമായി പരിമിതപ്പെടുത്തുക;

(ഡി) വിദേശരാജ്യങ്ങളിലേക്കുള്ള റിക്രൂട്ട്മെന്റ് മാനദണ്ഡങ്ങൾ സംബന്ധിച്ച് പൊതുജനങ്ങൾക്ക് ദൃശ്യ-പത്ര മാധ്യമങ്ങളിലൂടെ നിശ്ചിത ഇടവേളകളിൽ ബോധവത്കരണം നടത്തുക.

10. <u>തിരികെ എത്തുന്നവരുടെ പുനരധിവാസം</u>.—(1) മനുഷ്യക്കടത്ത് കേസിൽ ഇരകളാകുന്നവരെ തിരികെ നാട്ടിൽ എത്തിക്കുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തുക.

(2) ഇത്തരത്തിൽ തിരികെ എത്തുന്നവർക്ക് പുനരധിവാസ സംവിധാനങ്ങൾ ഏർപ്പെടുത്തുക.

11. <u>വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള അധികാരം</u>.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് പ്രാബല്യം നൽകുന്നതിന് എന്തെങ്കിലും വൈഷമ്യം ഉണ്ടാകുന്ന പക്ഷം സർക്കാരിന് അവ നീക്കം ചെയ്യുന്നതിലേക്കായി ആവശ്യമെന്നോ യുക്തമെന്നോ തോന്നുന്നതും ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തതുമായ ഏത് കാര്യവും ഉത്തരവ് മൂലം ചെയ്യാവുന്നതാണ്.

(2) എന്നാൽ ഈ ആക്റ്റിന്റെ പ്രാരംഭ തിയതി മുതൽ രണ്ട് വർഷത്തിനു ശേഷം അങ്ങനെയുള്ള യാതൊരു ഉത്തരവും പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

12. <u>ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം</u>.—(1) സർക്കാരിന്, ഗസറ്റ് വിജ്ഞാപനം വഴി, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിലേയ്ക്കായി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്;

(2) ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കുന്ന ഏതൊരു ചട്ടവും അതുണ്ടാക്കിയതിനു ശേഷം, കഴിയുന്നത്രവേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ സഭ മുൻപാകെ ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസത്തേയ്ക്ക് വയ്ക്കേണ്ടതും അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുൻപ് നിയമസഭ പ്രസ്തുത ചട്ടങ്ങളിൽ എന്തെങ്കിലും രൂപഭേദം വരുത്തുകയോ അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്ന പക്ഷം ആ ചട്ടത്തിന്, അതിനുശേഷം, അതതു സംഗതിപോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ, അല്ലെങ്കിൽ യാതൊരു പ്രാബല്യവുമില്ലാതിരിക്കുകയോ ചെയ്യുന്നതാകുന്നു; എന്നിരുന്നാലും, അങ്ങനെയുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

## <u>ഉദ്ദേശ്യകാരണങ്ങളുടെ വിവരണം</u>

തൊഴിലില്ലായ്മ രൂക്ഷമാകുകയും വിദേശത്ത് തൊഴിൽതേടിപ്പോകുന്നവരുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടാകുകയും ചെയ്യുന്ന സാഹചര്യത്തിൽ പല വ്യാജ റിക്രൂട്ടിംഗ് ഏജൻസികളും സമൂഹമാധ്യമങ്ങളിലൂടെ വ്യാജപരസ്യങ്ങൾ നൽകി വിദേശരാജ്യങ്ങളിലെ കുടിയേറ്റ നിയമങ്ങളെ സംബന്ധിച്ച് തെറ്റിദ്ധാരണകൾ പരത്തിയും വ്യാജരേഖകളുടെ പിൻബലത്തോടെ വിമാനത്താവളങ്ങൾ വഴിയും സമുദ്രയാനങ്ങൾ ഉപയോഗിച്ചും മനുഷ്യക്കടത്ത് പ്രവർത്തനങ്ങൾ നിർബാധം തുടർന്നുവരികയാണ്. ഭരണഘടനയുടെ ആർട്ടിക്കിൾ 23 (1) പ്രകാരം നിരോധിച്ചിരിക്കുന്ന മനുഷ്യക്കടത്ത് സംബന്ധമായ പ്രവർത്തനങ്ങൾ ക്രമാതീതമായ തോതിൽ വർദ്ധിച്ചുവരുന്നതായാണ് നാഷണൽ ക്രൈം റിക്കോർഡ് ബ്യൂറോയുടെയും ദേശീയ മനുഷ്യാവകാശ കമ്മീഷന്റെയും റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. നിർബന്ധിത തൊഴിൽ, ലൈംഗിക ചൂഷണം, നിർബന്ധിത വിവാഹം, അവയവ മാറ്റം ഉൾപ്പെടെ ക്രൂരമായ ചൂഷണങ്ങൾക്കാണ് ഇത്തരത്തിൽ കടത്തിക്കൊണ്ടു പോകുന്ന മനുഷ്യർ ഇരയാകുന്നത്. ഇത്തരത്തിൽ തട്ടിപ്പുകൾക്ക് വിധേയരാകുന്നവർക്ക്

തിരികെ നാട്ടിലെത്തുന്നതിനോ ഉറ്റവരുമായി ആശയവിനിമയം നടത്തുന്നതിനോ കഴിയാത്ത ഗുരുതര സ്ഥിതിവിശേഷം ഉണ്ടാകുകയും ചെയ്യുന്നുണ്ട്. അതുകൊണ്ട് അടിമത്ത വ്യവസ്ഥിതിക്ക് സമാനമായ മനുഷ്യക്കടത്ത് എന്ന മഹാവിപത്തിനെ നിയന്ത്രിക്കേണ്ടത് അനിവാര്യമാകയാൽ ഈ മേഖലയിൽ സർക്കാർ നിയന്ത്രണങ്ങൾ കർശനമാക്കുന്നതിനു വേണ്ടി ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ബില്ലിലെ വ്യവസ്ഥകൾ നടപ്പിൽ വരുത്തുന്നതിന് സഞ്ചിതനിധിയിൽ നിന്ന് യാതൊരു അധിക ചെലവും നിലവിൽ ഉണ്ടാകുന്നതല്ല. എന്നാൽ, സാക്ഷി സംരക്ഷണവും സുരക്ഷയും സംബന്ധിച്ച് നിർണ്ണയിക്കപ്പെടാവുന്ന നടപടിക്രമങ്ങൾ നടപ്പിലാക്കുന്നതിനായി സഞ്ചിതനിധിയിൽ നിന്നും അനാവർത്തകമായ ചെലവ് പ്രതീക്ഷിക്കുന്നു.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് ബില്ലിലെ വകുപ്പ് 12 സർക്കാരിനെ അധികാരപ്പെടുത്തുന്നു. ഏത് കാര്യങ്ങളെ സംബന്ധിച്ചാണോ വിജ്ഞാപനങ്ങളോ ഉത്തരവുകളോ പുറപ്പെടുവിക്കേണ്ടത് അല്ലെങ്കിൽ ചട്ടങ്ങളോ റഗുലേഷനുകളോ ഉണ്ടാക്കേണ്ടത് അവ നടപടിക്രമം സംബന്ധിച്ചുള്ളതും സാധാരണവും ഭരണപരവുമായ സ്വഭാവത്തോടുകൂടിയതുമാണ്. കൂടാതെ, ചട്ടങ്ങൾ നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയവുമാണ്. ആയതിനാൽ ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

അനൂപ് ജേക്കബ്, എം.എൽ.എ.